PRIMARY EDUCATION

*82. [4] **Sri. A. Ramasubramonia Karayalar:** May I know from the Hon'ble Education Minister:—

(*a*) whether the Government propose to introduce compulsory primary education during the next academic year; and

(*b*) if so in what taluks?

Minister for Education, Labour and Civil Supplies: **[Sri. Panampilli Govinda Menon]:**

(*a*) The matter is now under consideration.

(*b*) Does not arise.

ഭക്ഷ്യധാന്യസ്റ്റോക്ക് പരിശോധന

*൫൩. (൧) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ സെപ്തമ്പർ ൧—ാംതീയതിയിലെ ഗവൺമെന്റ് പ്രസ്സ്നോട്ടിപ്രകാരം ൧൯൫൦ മുതൽ ൧൯൫൦ വരെയുള്ള തിരുവിതാംകൂർ വിഭാഗത്തിലെ ഭക്ഷ്യവകുപ്പ്സ്റ്റോക്കുകൾ പരിശോധന ആരംഭിച്ചുവോ;

(ബി) പരിശോധന ആരംഭിച്ചത് എന്നാണ്;

(സി) പരിശോധനയുടെ ഫലം എന്തായി;

(ഡി) മേൽചൊന്ന കാലങ്ങളിൽ ബജ്റം, ചോളം മുതലായ സാധനങ്ങളുടെ സൂക്ഷിപ്പിൽ ഗണ്യമാംവിധം നാശം സംഭവിച്ചിട്ടുണ്ടെന്നു അറിവായതെന്നാണ്;

(ഇ) സ്റ്റോക്കിൽ നഷ്ടപ്പെട്ട ധാന്യങ്ങളുടെ മൂല്യവില കിഴിച്ചുപ്പെടുത്തിയോ;

(എഫ്) കിഴിച്ചുപ്പെടുത്തിയതാരാണ്;

(ജി) കിഴിച്ചുപ്പെടുത്തി എഴുതിത്തള്ളിയ തുകയെത്രയാണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൦ സെപ്തമ്പർ ൧-ാംതീയതിയിലെ പ്രസ്സ്നോട്ടിൽ അങ്ങനെ പറഞ്ഞിട്ടില്ല.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

(സി) ഈ പ്രശ്നം ഉദിക്കുന്നില്ല.

(ഡി) ഫുഡ് അക്കൌണ്ട്സ് കൺട്രോളരുടെ ൧൯൫൦-ലെ ഓഡിറ്റ് റിപ്പോർട്ടിൽനിന്നാണ്.

(ഇ) വില തിട്ടപ്പെടുത്തിവരുന്നു.

(എഫ്) സിവിൽ സപ്ലൈസ് കമ്മീഷണർ ഫുഡ് അക്കൌണ്ട്സ് സ്പെഷ്യൽ ഓഫീസറായി ആലോചിച്ചാണ്.

(ജി) ഒന്നുമില്ല.

വിദ്യാഭ്യാസക്കമ്മിറ്റിയുടെ റിപ്പോർട്ട്

*൫൪. (൯) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ മാർച്ച് മാസത്തിൽ നിയമിച്ച തിരുവിതാംകൂർ വിദ്യാഭ്യാസക്കമ്മിറ്റി സമർപ്പിച്ച പ്രിലിമിനറി റിപ്പോർട്ടിലെ എല്ലാ ശുപാർശകളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ വിഭാഗത്തിൽ ഇന്നു ഷിഫ്റ്റ് സിസ്റ്റം എവിടെയെങ്കിലും നടപ്പിലിരിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly